പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.2380

08.12.2015-ൽ മറുപടിയ്ക്ക്

**ശ്രീലങ്കൻ മണൽ ഇറക്കുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കരാർ വ്യവസ്ഥയിൽ ഇളവു നൽകിയും ഗുണമേന്മ ഉറപ്പാക്കാതെയും സ്വകാര്യ കമ്പനികൾ വഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്ത് കോടികളുടെ നഷ്ടമുണ്ടാക്കിയ ട്രാവൻകൂർ ടൈറ്റാനിയത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുക്കണമെന്ന് വിജിലൻസ് കോടതി ഉത്തരവായിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ)&(ബി)<br>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ശ്രീലങ്കയിൽ നിന്നും ഇൽമനൈറ്റ് ഇറക്കുമതി ചെയ്തിട്ടില്ല. ഇൻഡ്കെം (Indchem Inc) എന്ന കമ്പനിയുമായി ഇൽമനൈറ്റ് വാങ്ങുന്നതിന് ടി.ടി.പി.യുമായി ഉണ്ടാക്കിയ കരാറിൽ ക്രമക്കേടുണ്ടെന്ന പരാതിയെപ്പറ്റി വിജിലൻസ് അന്വേഷിക്കുകയും അതിന്റെ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് വകുപ്പ് തലത്തിലുള്ള നടപടികൾക്ക് ശുപാർശ ചെയ്തിരുന്നു. വിജിലൻസിന്റെ അന്വേഷണത്തെ തുടർന്ന് രണ്ട് ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പ്തല നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) മുംബെയിലെ ഇൻ ഡെക്കം കമ്പനിയ്ക്കെതിരെ നിയമനടപടിക്ക് ടൈറ്റാനിയത്തിന്റെ നിയമ വിഭാഗം ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) ശുപാർശ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് കമ്പനിയും (TTPL) ഇൻഡ്കെമും (Indchem Inc) തമ്മിലുള്ള തർക്ക വിഷയങ്ങൾ ആർബിട്രേറ്ററുടെ മുമ്പാകെ ഇപ്പോൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ